"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-എറണാകുളം ജില്ലാ പഞ്ചായത്തിന്റെ മാരിവില്ല് -ട്രാൻസ് ജെന്റേഴ്സ് തൊഴിൽ പരിശീലന പദ്ധതിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.535/2022/LSGD തീയതി,തിരുവനന്തപുരം, 07-03-2022

---

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022-ലെ 4.50 നമ്പർ തീരുമാനം.

**ഉത്തരവ്**

എറണാകുളം ജില്ലാ പഞ്ചായത്ത് ട്രാൻസ് ജെന്റർ വ്യക്തികൾക്കായി തൊഴിൽ പരിശീലനത്തിനുള്ള പ്രോജക്ട് ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യുവജനക്ഷേമ ബോർഡിനു കീഴിൽ ജില്ലയിൽ ട്രാൻസ് ജെന്റർ ക്ലബ് രൂപീകരിച്ചിട്ടുണ്ട്. ട്രാൻസ് ജെന്ററിനു താൽപ്പര്യമുള്ളതും അനുയോജ്യമായതുമായ ബ്രൈഡൽ മേക്കപ്പ്, സിനിമ, നാടക അഭിനയം എന്നിവയിൽ പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ പ്രശസ്തരായ സിനിമാ സംവിധായകർ, മേക്കപ്പ് ആർട്ടിസ്റ്റുകൾ, പ്രമുഖരായ ഷെഫുകൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്താനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ ഏകോപന ചുമതല യുവജനക്ഷേമ ബോർഡിനാണ്. യുവജനക്ഷേമ ബോർഡ് എറണാകുളം ജില്ല കോ-ഓർഡിനേറ്ററുമായി നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ സാമൂഹ്യനീതി ഓഫീസർ കരാറിൽ ഏർപ്പെട്ട് തുക യുവജനക്ഷേമ ബോർഡിനു കൈമാറാൻ ഉദ്ദേശിക്കുന്നു. ട്രാൻസ്ജെന്റർ ക്ലബ്ബ് വഴി പദ്ധതി നടപ്പാക്കുന്ന ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടു.

2. സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശിത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യുവജനക്ഷേമ ബോർഡിനു തുക കൈമാറുന്നതിനു പകരം ആവശ്യമായ തുക ജില്ലാ സാമൂഹ്യനീതി ഓഫീസർ തന്നെ ചെലവഴിച്ചു കൊണ്ട് യുവജനക്ഷേമ ബോർഡ്/ട്രാൻസ് ജെന്റർ ക്ലബ് വഴി നടപ്പാക്കേണ്ടതാണ് എന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സെക്രട്ടറി, എറണാകുളം ജില്ലാ പഞ്ചായത്ത്.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 08-03-2022 11:04:26**
സെക്ഷൻ ഓഫീസർ